ഉത്തരം

(എ) വികലാംഗപെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ.

(ബി) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന പെൻഷനുകൾക്കുണ്ടായ വർദ്ധനവിന്റെ തോത് താഴെപ്പറയും പ്രകാരമാണ്.

1.	വികലാംഗപെൻഷൻ	- 500	രൂപ
(എ)	80 ശതമാനവും അതിനു മുകളിൽ അംഗവൈകല്യമുള്ളവർ	- 400	രൂപ
2.	അഗതി (വിധവ) പെൻഷൻ	- 500	രൂപ
3.	ദേശീയ വാർദ്ധക്യകാല പെൻഷൻ	- 300	രൂപ
(എ)	80 വയസ്സിനു മുകളിൽ പ്രായമുള്ളവർ	- 300	രൂപ
4.	50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	- 500	രൂപ

(സി) വികലാംഗപെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയ്ക്ക് കുടിശ്ശികയുണ്ട്. കുടിശ്ശിക സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്.

സാമൂഹ്യസുരക്ഷയ്ക്കും ക്ഷേമത്തിനും പോഷകാഹാര മേഖലയ്ക്കുമായി ബഡ്ജറ്റിൽ അനുവദിച്ച തുക

283 (1708) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിൽ സാമൂഹ്യസുരക്ഷയ്ക്കും ക്ഷേമത്തിനും പോഷകാഹാര മേഖലയ്ക്കുമായി 2014-15 ബഡ്ജറ്റിൽ അനുവദിച്ച തുക എത്രയാണ് ; വ്യക്തമാക്കാമോ ;

(ബി) അതിൽ ഏതൊക്കെ വിഭാഗത്തിൽ എത്ര തുക വീതം ലഭിച്ചു ; എത്ര തുക വീതം ഓരോ വിഭാഗവും ചെലവഴിച്ചു ; എത്ര തുക മിച്ചം ഉണ്ട്; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിൽ സാമൂഹ്യ സുരക്ഷയ്ക്കും ക്ഷേമത്തിനും പോഷകാഹാര മേഖലയ്ക്കുമായി 2014-15 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ 94725.40 ലക്ഷം രൂപയാണ് (ഉപധനാഭ്യർത്ഥനയും അധിക ധനസഹായവും ഒഴികെ) ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത തുക ലഭിച്ച വിഭാഗവും ഓരോ വിഭാഗവും ചെലവഴിച്ചതും മിച്ചമുള്ളതുമായ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു : (2015 ഫെബ്രുവരി മാസം വരെയുള്ള കണക്ക് പ്രകാരം)

വിഭാഗം	(തുക ലക്ഷത്തിൽ)		
	ബഡ്ജറ്റ് വിഹിതം	ചെലവഴിച്ച തുക	മിച്ചമുള്ള തുക
സാമൂഹ്യനീതി ഡയറക്ടറേറ്റ് (സാമൂഹ്യ സുരക്ഷാ മിഷൻ ഉൾപ്പെടെ)	79390.4	48967.68	30422.72
നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്	800	770.19	29.81
കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ	75	22.6	52.4
കേരള വനിതാ കമ്മീഷൻ	255	131.07	123.93
കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ	300	183	117
കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ	825	584.51	240.49
അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്	80	79.20	0.80
ലാന്റ് റവന്യൂ കമ്മീഷണറേറ്റ് (ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി)	13000	13000	...

സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത അഗതി മന്ദിരങ്ങൾ

284 (1709) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര അഗതിമന്ദിരങ്ങളാണ് കേരളത്തിൽ പ്രവർത്തിക്കുന്നത്; ഇവയിൽ ആകെ എത്ര അന്തേവാസികളെയാണ് പാർപ്പിച്ചിട്ടുള്ളത് ; ഇവിടങ്ങളിലെ ജീവിത സാഹചര്യങ്ങളെക്കുറിച്ച് പരിശോധിക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ ?